**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5687** **24-03-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ ഡീ അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന ഡീ അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ വിമുക്തി ഡി-അഡിക്ഷൻ കേന്ദ്രം പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടം അപകടാവസ്ഥയിലായതിനെ തുടർന്ന് മറ്റൊരു കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തിച്ചു വരികയാണ്. ഡി-അഡിക്ഷൻ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ മറ്റ് നടപടികൾ ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത ഡീ അഡിക്ഷൻ സെന്ററിൽ അഡ്മിറ്റ് ചെയ്യുന്നത് നിലവിൽ ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിർത്തി വച്ചിരുന്ന കിടത്തി ചികിത്സ നവീകരിച്ച മറ്റൊരു കെട്ടിടത്തിൽ 12.03.2025 മുതൽ പുനരാരംഭിച്ചിട്ടുണ്ട്. |
| (സി) | പയ്യന്നൂർ ഡീ അഡിക്ഷൻ സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് എത്ര ജീവനക്കാരെയാണ് എക്സൈസ് വകുപ്പ് നിയമിച്ചിട്ടുള്ളത് എന്നും അവരുടെ ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണ് എന്നും വിശദമാക്കാമോ? | (സി) | പയ്യന്നൂർ ഡീ-അഡിക്ഷൻ സെന്ററിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് എക്സൈസ് വകുപ്പല്ല ആരോഗ്യ വകുപ്പാണ്. ജീവനക്കാരുടെ വേതനവും ആശുപത്രിയിലെ മരുന്ന് ഉൾപ്പെടെയുള്ള ചെലവും വഹിക്കുന്നത് എക്സൈസ് വകുപ്പാണ്. ആകെ 10 തസ്തികകളിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലെ സൈക്യാട്രിസ്റ്റിന്റെ സേവനം ആഴ്ചയിൽ രണ്ട് ദിവസം ലഭ്യമാണ്. ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള ഉത്തരവാദിത്വം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തസ്തിക | ഉത്തരവാദിത്തം |
|---|---|
| മെഡിക്കൽ ഓഫീസർ | രോഗികൾക്ക് ആവശ്യമായ ചികിത്സ നൽകുക |
| ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | കൗൺസിലിംഗും മറ്റ് സൈക്കോതെറാപ്പി പ്രവർത്തനങ്ങളും |
| സൈക്യാട്രിക്ക് സോഷ്യൽ വർക്കർ | ഗ്രൂപ്പ് തെറാപ്പി, ഫാമിലി തെറാപ്പി, റെക്കോർഡുകൾ സൂക്ഷിക്കൽ |
| സ്റ്റാഫ് നേഴ്സ് | മെഡിക്കൽ ഓഫീസർ, ഹോസ്പിറ്റൽ സൂപ്രണ്ട് എന്നിവരുടെ നിർദ്ദേശാനുസരണമുള്ള ജോലികൾ |
| സെക്യൂരിറ്റി സ്റ്റാഫ് | സുരക്ഷ നൽകുക |
| ക്ലീനിംഗ് സ്റ്റാഫ് | ശുചിത്വം ഉറപ്പ് വരുത്തുക |

**സെക്ഷൻ ഓഫീസർ**